# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1585 — 07.03.2018-ൽ മറുപടിയ്ക്ക്

## കാലാവധി അവസാനിക്കാറായ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്

ചോദ്യം — ഉത്തരം

ശ്രീ.കെ.എൻ.എ.ഖാദർ — പിണറായി വിജയൻ, മുഖ്യമന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വിവിധ ജില്ലകളിലെ കാലാവധി അവസാനിക്കാറായ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇല്ല. വിവിധ ജില്ലകളിൽ നിലവിലുള്ള എൽ.ജി.എസ് തസ്തികയുടെ റാങ്ക് പട്ടികകളിൽ നിന്നും എഴുതി അറിയിക്കപ്പെടുന്ന ഒഴിവിലേയ്ക്ക് നിയമന ശിപാർശ നൽകി വരുന്നു. |
| ബി) | കഴിഞ്ഞ രണ്ട് മാസങ്ങളായി ഈ തസ്തികകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ എത്രയെന്നും നിയമന ശിപാർശ നൽകിയത് എത്രയെന്നും വെളിപ്പെടുത്തുമോ; | ബി) | ഒഴിവുകളും നിയമന ശിപാർശകളും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ല | കഴിഞ്ഞ 2 മാസത്തെ ഒഴിവുകൾ | കഴിഞ്ഞ 2 മാസത്തെ നിയമന ശിപാർശകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 109 | 26 |
| 2 | കൊല്ലം | 51 | 27 |
| 3 | പത്തനംതിട്ട | 37 | 37 |
| 4 | ആലപ്പുഴ | 53 | 33 |
| 5 | കോട്ടയം | 44 | 34 |
| 6 | ഇടുക്കി | 41 | 49 |
| 7 | എറണാകുളം | 67 | 61 |
| 8 | തൃശ്ശൂർ | 62 | 59 |
| 9 | പാലക്കാട് | 49 | 41 |
| 10 | മലപ്പുറം | 68 | 44 |
| 11 | കോഴിക്കോട് | 78 | 84 |
| 12 | വയനാട് | 20 | 20 |
| 13 | കണ്ണൂർ | 33 | 56 |
| 14 | കാസർഗോഡ് | 49 | - |

കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമായതിനാൽ നിലവിൽ പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തി നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| സി) | ഈ റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്ന് ആദ്യത്തെ നാലഞ്ചു മാസങ്ങളിൽ വിവിധ കാരണങ്ങളാൽ നിയമനങ്ങൾ നടക്കാത്തതിനാൽ അത് പരിഹരിക്കുന്നതിനായി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആറുമാസത്തേക്ക് കൂടി നീട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | സി) | കാലാവധി പൂർത്തിയാകുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി വീണ്ടും ദീർഘിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫിസർ